# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 24/212/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 19/03/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 24/212/2022 തീയ്യതി: 19/03/2022

## മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 24-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-01-2022 | 24-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ ഗഫൂർ. സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മൂസ. ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജഹാൻ ഖുറൈശി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിനീത. പി പി,ഓഡിറ്റർ
ശ്രീമതി.ഷീബ. പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിനി എം വി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 31-12-2020 |
| നൗഷാദലി സി ടി | പ്രസിഡന്റ് | 01-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലത എ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ. ഹരികുമാർ എസ് | സെക്രട്ടറി | 09-06-2020 | 31-03-2021 |
| ശ്രീ. അബ്ദു സലീം വി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ജസീല മോൾ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി . റജീന കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി . സ്വപ്ന ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. മുഹമ്മദാലി കെ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. ഷഹാന സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ. രവീന്ദ്രൻ യു | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. രാജ് കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 27-10-2020 |
| ശ്രീ. സുബൈർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 28-10-2020 | 31-03-2021 |
| ശ്രീമതി. സജിത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ. ഷീജ വാസു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 21-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 21-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 15-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 26-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 24-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 21-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 21-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shajahan Khuraisi (Asst. Audit Officer, On 21-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 21-01-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shajahan Khuraisi (Asst. Audit Officer, On 26-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന -അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-11-1 |
| 13 | അംഗൻ വാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ -അപാകത<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-12 |
| 14 | മുൻകൂർ നല്കിയ തുകയുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല<br>Written By: SHEEBA P (Auditor, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-13 |
| 15 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 24-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-14 |
| 16 | അംഗൻവാടി നിർമ്മാണം - കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-15 |
| 17 | സിമന്റ് കോൺക്രീറ്റ് പൊളിച്ചെടുക്കൽ - കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 17-03-2022) | 1-16 |

| | | |
|---|---|---|
| 18 | ജി.എസ്.ടി തുക അധികം നൽകി.<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-17 |
| 19 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് പുതുക്കിയില്ല.<br>Written By: Vineetha P P (Auditor, On 24-01-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 25-01-2022) | 1-18 |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-19 |
| 21 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ വിതരണം ചെയ്യാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്.<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 17-03-2022) | 1-20 |
| 22 | ഹാർഡ് റോക്ക് പൊളിച്ചെടുത്തത് - പുനരുപയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 23-01-2022) | 1-21 |
| 23 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-22 |
| 24 | ടെണ്ടർ നടപടികളിൽ സുതാര്യതയില്ല.<br>Written By: E.Moosa (Asst. Audit Officer, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-23 |
| 25 | അംഗൻവാടിപോഷകാഹാരം -ന്യൂട്രിമിക്സ് വാങ്ങിയത് GST ഈടാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-24 |
| 26 | എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ പദ്ധതി-അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-25 |
| 27 | തെരുവ് വിളക്കുകളുടെ പരിപാലനം പദ്ധതി- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-26 |
| 28 | രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 1,70,000 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 17-03-2022) | 1-27 |
| 29 | പദ്ധതികളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കൽ-ചെലവ് തുക 96,900രൂപ നിരാകരിക്കുന്നു<br>Written By: Shajahan Khuraisi (Asst. Audit Officer, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 17-03-2022) | 1-28 |
| 30 | ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല<br>Written By: SHEEBA P (Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സിമന്റ് കോൺക്രീറ്റ് പൊളിച്ചെടുക്കൽ - കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 3-1 |

| | | |
|---|---|---|
| 2 | ജി.എസ്.ടി തുക അധികം നൽകി.<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 3-2 |
| 3 | അംഗൻവാടി നിർമ്മാണം - കരാറുകാരന് അധിക തുക നൽകി<br>Written By: Unni.P (Deputy Director, On 05-02-2022)<br>Last Updated By: Unni.P (Deputy Director, On 14-03-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: SHEEBA P (Auditor, On 21-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 26-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: SHEEBA P (Auditor, On 23-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: SHEEBA P (Auditor, On 21-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: SHEEBA P (Auditor, On 23-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: SHEEBA P (Auditor, On 21-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 27-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 26-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: SHEEBA P (Auditor, On 21-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: Unni.P (Deputy Director, On 15-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: SHEEBA P (Auditor, On 21-01-2022)<br>Last Updated By: Unni.P (Deputy Director, On 15-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 27.03.2020 ലെ തീരുമാനം നമ്പർ 1(1) | 18.02.2021ലെ തീരുമാനം നമ്പർ 1 |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2020-21 | 31-07-2021 | 19.05.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31526527.05 |
| വരവ് | 99331138 |
| ആകെ | 130857665.05 |
| ചെലവ് | 111668438 |
| നീക്കിയിരിപ്പ് | 19189227.05 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19574668 | 19574668 | 19574668 | 0 |
| വികസന ഫണ്ട് (SCP) | 0 | 10870491 | 10870491 | 8184908 | 2685583 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൽസ് കമ്മീഷൻ ഗ്രാൻറ്-ബേസിക് | 0 | 13318018 | 13318018 | 9201176 | 4116842 |
| സെൻട്രൽ ഫിനാൽസ് കമ്മീഷൻ ഗ്രാൻറ്-ടൈഡ് | 0 | 8040000 | 8040000 | 4162801 | 3877199 |
| മെയിന്റനൻസ് | 0 | 10043000 | 10043000 | 10043000 | 0 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട്- റോഡ് | | | | | |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 5859133 | 5859133 | 5859133 | 0 |
| ബി ഫണ്ട് | 0 | 81143940 | 81143940 | 81143940 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 374 | 236412456 | 320 | 78067532 | - | 54 | 85.5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 255516.5 | 1152163 | 1407679.5 | 1407679 | 0.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22396693 | 22396693 | 22396693 | 0 |
| ആകെ | 255516.5 | 23548856 | 23804372.5 | 23804372 | .50 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 16440 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 6378400 | 2610 |
| വിധവാ പെൻഷൻ | 28355800 | 10796 |
| വാർദ്ധക്യകാല പെൻഷൻ | 35456500 | 14190 |
| വികലാംഗ പെൻഷൻ | 8623200 | 3385 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2073600 | 812 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2022 ന് 3:05 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 13,608/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തിയിട്ടില്ല.

3. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ കൃത്യമായി എഴുതുന്നില്ല. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ

12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ചില നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ഉദാ:- മെഡിക്കൽ ഓഫീസർ). എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. ഗവ: സർക്കുകലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനം, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല.
7. ഡയറി എക്സ്റ്റൻഷൻ ഓഫീസർ TR 7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
8. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിൽ പുരോഗതിയില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2021 മുതൽ 20.11.2021 വരെ | 09/2021 മുതൽ 10/2021 വരെ | 20.11.2021 |
| എ.ജി. ഓഡിറ്റ് | 20.11.2019 മുതൽ 29.11.2019 | 2014-15 മുതൽ 2018-19 | 24.12.2019 |

## 1-11 വാർഷിക ധനകാര്യ പത്രിക അപാകതകൾ

2020-21 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.EMS ഭവന പദ്ധതി Joint MDC പെരിന്തൽമണ്ണയിൽ RP 40(b) പ്രകാരം 7005 രൂപ നീക്കിയിരിപ്പ് ഉണ്ട്.ആയതിന്റെ പാസ്ബുക്ക് ലഭ്യമാക്കിയില്ല.

2.വസ്തു നികുതി സഞ്ചയ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും പുതിയരേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

5.കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് ചട്ടങ്ങൾ 2011 ലെ ചട്ടം (62) പ്രകാരമുള്ള അനുപാതങ്ങൾ(റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ചേർത്തിട്ടില്ല.

## 1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന -അപാകതകൾ

1. 2020-21 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്പരിശോധിച്ചതിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് Source Deduction ആയി കുറവ് ചെയ്ത തുക Grant Statement-ൽ വരവായി ചേർത്തിട്ടില്ല.

A)

| ക്രമ നം | പ്രൊജക്ട് | തുക | ഫണ്ട് |
|---|---|---|---|
| 1 | അംഗൻ വാടി ജീവനക്കാരുടെ പ്രതിഫലം (പ്രൊജക്ട് നം. ) | 613200<br>613200<br>613200<br>1839600 | വികസന ഫണ്ട് |
| 2 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 117255<br>490569 | വികസന ഫണ്ട് |

| | | | |
|---|---|---|---|
| | | 373314<br>981138 | |
| | ആകെ | | |

B)

| ക്രമ നം | പ്രൊജക്ട് | തുക | ഫണ്ട് |
|---|---|---|---|
| 1 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 117254<br>117255 | വികസന ഫണ്ട്<br>(SCP) |
| | ആകെ | 234509 | |

2. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ACR പ്രകാരം ചെലവ് 9201176 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 9051531. നീക്കിയിരിപ്പ് ACR പ്രകാരം 4116842 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 4266487 വ്യത്യാസം 149645.

3.മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ACR പ്രകാരം ചെലവ് 1004300ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 9843000. നീക്കിയിരിപ്പ് ACR പ്രകാരം ഇല്ല.എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 200000 രൂപയുണ്ട്.

മേൽ വ്യത്യാസത്തിന് കാരണം വ്യക്തമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.16 തി. 22.1.2022 പ്രകാരം നിർദ്ദേശിച്ചതിന് മറുപടി ലഭ്യമാക്കിയില്ല.

## 1-12 അംഗൻ വാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ -അപാകത

2020-21 ൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണോദ്യാഗസ്ഥയായി നടപ്പിലാക്കിയ അംഗൻ വാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽഎന്ന പദ്ധതിക്കായി (പ്രൊജക്ട് നം.46/20-21) 21 വാട്ടർ പ്യൂരിഫയർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. (ഒരു പ്യൂരിഫയറിന് 29964 രൂപ നിരക്കിൽ (നികുതി ഉൾപ്പെടെ))താഴെപ്പറയും പ്രകാരം തുക പിൻവലിച്ച് ടെണ്ടർ കൂടാതെ KADCO യിൽ നിന്നാണ് വാട്ടർ പ്യൂരിഫയർ വാങ്ങിയത്. KADCO Blue Star Company യുടെ കമ്പനിയുടെ പ്യൂരിഫയർ ആണ് ലഭ്യമാക്കിയത്.

| ക്രമ നം | ബിൽ നം.ചെക്ക് നം./തിയ്യതി | തുക | ഫണ്ട് |
|---|---|---|---|
| 1 | ബിൽനം.201503520358000057884/11.4.20 | 479424 | മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) |
| 2 | ബിൽ നം.20150352035800480647/11.4.20 | 149820 | മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) |
| | ആകെ | 629244 | |

പ്യൂരിഫയർ KADCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാനുള്ളതിന്റെ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.7/19.1.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-13 മുൻകൂർ നല്കിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രൊജക്ട്, തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ എന്നീ പദ്ധതികളിൽ കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം പണം ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | ബിൽ റഫറൻസ് നം./തിയ്യതി | തുക | പ്രൊഫോർമ ഇൻവോയ്സ് നം. | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് നം | മരുന്ന് | |
| 18/21 പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് | 20150352035501432184/29.03.21 | 4,27,141 | PRF6381/ 18.03.21 | 3522/09.7.21 | 26416 | 83391 |
| | | | | 6030/13.9.21 | 67916 | |
| | | | | 6032/13.9.21 | 6290 | |
| | | | | 6037/13.9.21 | 42642 | |
| | | | | 6043/13.9.21 | 37386 | |
| | | | | 7756/21.10.21 | 13299 | |
| | | | | 8649/07.11.21 | 3192 | |
| | | | | 9456/22.11.21 | 17251 | |
| | | | | 10884/05.01.22 | 66657 | |
| | | | | Total | 343750 | 83391 |
| 17/21 തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ | 20150352035501180333/3.3.21 | 198045 | PRF5655/ | 589/29.4.21 | 1299 | 50110 |
| | | | | 2090/04.6.21 | 91896 | |
| | | | | 6026/13.9.21 | 54740 | |
| | | | | Total | 147935 | 50110 |
| ആകെ | | 625186 | | | 491685 | 133501 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാവാനുള്ള നടപടികൾ സ്വീകരിക്കുകയും ലഭ്യമാവുന്ന മുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതും ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-14 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തി നിശ്ചിത തീയ്യതിക്കകം പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കാണിച്ച് കരാറുകാരൻ അപേക്ഷിച്ചതിന്റെയും തുടർന്ന് കാലാവധി ദീർഘിപ്പിച്ച് നൽകിയതിന്റെയും രേഖകൾ ഫയലിൽ ഇല്ല.

പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം 11178 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|
| തെയ്യോട്ട് കോളനി സമഗ്ര വികസനം (238/21)<br>ബിൽ 103/26.8.2020 തുക 150000<br>ബിൽ 105/26.8.2020 തുക 20549<br>അളവ് പുസ്തകം 4/20-21<br>കരാറുകാരൻ ശ്രീ. മൊയ്തീൻ ടി.കെ<br>കരാർ. 138/8.3.2019 തുക 200000<br>പൂർത്തീകരിക്കേണ്ട തീയ്യതി 7.8.2019 (5 മാസം) | 8.8.2019-7.11.2019 (1%) 2000<br>8.11.2019-7.2.2020 (2%) 4000<br>8.2.2020-7.5.2020 (2%) 4000<br>8.5.2020-29.6.2020(2%) 2356<br>ആകെ 12356 |

| | |
|---|---|
| പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയത് 8.3.2019<br>പ്രവൃത്തി ആരംഭിച്ചത് 9.6.2020<br>പൂർത്തീകരിച്ച തീയ്യതി 30.6.2020 | |

ഓഡിറ്റ് എൻക്വയറി 18/2020-21/24.12.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 അംഗൻവാടി നിർമ്മാണം - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഉത്ത അംഗൻവാടി നിർമ്മാണം W15 (350/20) എന്ന പ്രവൃത്തിയുടെ ഇനം 14 ആയി റീ ഇൻഫോഴ്സ്മെന്റ് (സ്റ്റീൽ)ഉപയോഗിച്ചതിന്റെ യഥാർത്ഥ ഭാരം 3886.94Kg ആണ്. എന്നാൽ അളവുകൾ കൂട്ടിയതിലെ അപാകത കാരണം ഇത് 3933.26Kg എന്നാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഇനത്തിൽ അധികം നൽകിയ 3599 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം 14, യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| സെന്റർ നമ്പർ 2 ഉത്ത അംഗൻവാടി നിർമ്മാണം W15 (20/21)<br>കരാറുകാരൻ. ശ്രീ.മുഹമ്മദ് നൗഫൽ<br>കരാർ 134/2.3.2019<br>അളവ് പുസ്തകം 52/19-20,51 /19-20,140/19-20<br>ബിൽ 139/13.3.2020 തുക 491367<br>ബിൽ 1/17.4.2020 തുക 104200<br>ജില്ലാ പഞ്ചായത്ത് വിഹിതം 500000<br>കോസ്റ്റ് ഇൻഡക്സ് 37.25% | 3886.94Kg | 305536<br>@77.68/Kg<br>(3933.26Kg) | 301937<br>@77.68/Kg<br>(3886.94Kg) | 3599 |

ഓഡിറ്റ് എൻക്വയറി 7/19-20/18.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-16 സിമന്റ് കോൺക്രീറ്റ് പൊളിച്ചെടുക്കൽ - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് (231/21) എന്ന പ്രവൃത്തിയുടെ അപ്പൻഡിക്സ് (2) ഇനം 1ആയി 45.04$m^2$ സിമന്റ് കോൺക്രീറ്റ് പൊളിച്ചെടുത്തതിന് 1361.27/$m^2$ പ്രകാരം 61612 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. 16.20*3.60+3.30/2= 55.89 $M^2$ എന്ന് അളവ് കണക്കാക്കിയാണ് ആകെ തുക കണക്കാക്കിയിട്ടുള്ളത്. (ബിൽ തുക നൽകിയത് 45.04 $M^2$ ന് പരിമിതപ്പെടുത്തിയാണ്). എന്നാൽ സിമന്റ് കോൺക്രീറ്റ് പൊളിക്കുന്നതിന് ഘനമീറ്ററിനാണ് ($M^3$) അളവ് കണക്കാക്കേണ്ടത്. ഇതിന് പൊളിച്ചെടുത്തതിന്റെ കനം കൂടി ഉൾപെടുത്തേണ്ടതുണ്ട്.

16.20*3.60+3.30*0.15=8.38 $M^3$ ആണ് കോൺക്രീറ്റ് പൊളിച്ചെടുത്തതിന്റെ യഥാർത്ഥ അളവ്.

2

ഈ ഇനത്തിൽ അധികം നൽകിയ 55894 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് (231/21)<br>കരാറുകാരൻ. ശ്രീ.അയ്യൂബ്. എം.പി<br>കരാർ 2/13.5.2020<br>അളവ് പുസ്തകം 29/20-21<br>ബിൽ 132/23.11.2020 തുക 153000<br>കോസ്റ്റ് ഇൻഡക്സ് 31.06% | 8.38 $M^3$ | 61312<br>@<br>1361.27/$m^2$ | 11407<br>@ 1361.27/$m^3$ | 55894<br>(12% GST ഉൾപെടെ) |

ഓഡിറ്റ് എൻക്വയറി 12 /19-20/18.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-17 ജി.എസ്.ടി തുക അധികം നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കരാറുകാർ മുഖേന നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതികളുടെ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 187534 രൂപ ബന്ധപ്പെട്ട കരാറുകാരൻ KSEB യിൽ അടവാക്കിയിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾക്കായി KSEB ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരമാണ് കരാറുകാരൻ തുക അടവാക്കിയിട്ടുള്ളത്. 18% ജി.എസ്.ടി കൂടി ഉൾപെട്ടതാണ് KSEB ലഭ്യമാക്കിയ ഇൻവോയ്സ്. എന്നാൽ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ മറ്റിനങ്ങൾക്കൊപ്പം KSEB യിൽ അടവാക്കിയ തുകയും ആകെ മൂല്യ നിർണ്ണയ തുകയോടൊപ്പം ചേർത്ത് പ്രസ്തുത തുകയുടെ 12% ജി.എസ്.ടി കൂടി കരാറുകാർക്ക് നൽകിയിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തി നിർവ്വഹിക്കുന്നത് KSEB ആണ്. പ്രസ്തുത പ്രവൃത്തിക്കുള്ള ജി.എസ്.ടി തുക KSEB ക്ക് നൽകിയിട്ടുമുണ്ട്. KSEB യിൽ അടച്ച തുകയിന്മേൽ കരാറുകാരന് ജി.എസ്.ടി നൽകേണ്ടതില്ല. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | KSEB യിൽ അടവാക്കിയ തുക (GST ഉൾപെടെ) | കരാറുകാരന് മൂല്യ നിർണ്ണയ തുകയോടൊപ്പം നൽകിയ ജി.എസ്.ടി തുക<br>12% |
|---|---|---|---|
| ഒട്ടുവങ്ങാട് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം (203/21)<br>കരാറുകാരൻ. ശ്രീ.രാജീവ്.ആർ കരാർ 167/10.2.2020<br>അളവ് പുസ്തകം 50/20-21,<br>ബിൽ 133/20.11.2020 തുക 192319 | ലംസം പ്രൊവിഷൻ | 170630<br>ഇൻവോയ്സ് 06541C19-000005/19.2.2020 | 20476 |
| വലിയതൊടിഎസ്.സി കോളനി കുടിവെള്ള പദ്ധതി (52/21)<br>കരാറുകാരൻ | ലംസം പ്രൊവിഷൻ | 16904<br>ഇൻവോയ്സ് 06562C19-000016/25.2.2020 | 2028 |

| | | | |
|---|---|---|---|
| ശ്രീ.രാജീവ്.ആർ കരാർ 106/22.12.2017<br>ബിൽ 107/26.9.2020 തുക 76326<br>അളവ് പുസ്തകം 143/19-20 | | | |
| ആകെ | | 187534 | 22504 |

ഓഡിറ്റ് എൻക്വയറി 13/20-21/21.1.2022നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-18 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് പുതുക്കിയില്ല.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും 100 പക്ഷികളിൽ കൂടുതലുള്ള പൗൾട്രി ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ട് പോവാനോ പാടുള്ളതല്ല. 2019-20 വർഷം പ്രവർത്തിച്ചിരുന്ന 9 ഫാമുകളിൽ 7 പൗൾട്രി ഫാമുകൾ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ലൈസൻസിയുടെ പേര് | കെട്ടിട നമ്പർ | വളർത്തുന്ന പക്ഷി/ മൃഗങ്ങളുടെ എണ്ണം | ലൈസൻസ് ഫീ |
|---|---|---|---|
| റഫീക്ക് പി ടി | 16/361B | 1000 | 500 |
| മുഹമ്മദാലി സി കെ | 6/19A | 2000 | 500 |
| മുഹമ്മദാലി സി കെ | 6/1C | 10000 | 1500 |
| മുഹമ്മദാലി സി കെ | 6/2F | 1000 | 500 |
| ഇസ്മയിൽ | 16/387C | 1000 | 500 |
| ജബ്ബാർ | 4/211A | 1000 | 500 |
| മുഹമ്മദാലി ടി | 17/486A | 1000 | 500 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/2020-21 തി: 18.01.2021 ക്ക് കോവിഡ് വ്യാപനം മൂലം പഞ്ചായത്ത് പരിധിയിലെ മിക്ക ഫാമുകളും തുറന്ന് പ്രവർത്തിച്ചിരുന്നില്ല. ആയതിനാലാണ് ലൈസൻസ് ഈടാക്കാത്തതെന്നും മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതികളുടെ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 187534 രൂപ KSEB യിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം, കൈപറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | വൈദ്യുതീകരണത്തിനുള്ള തുക | അടവാക്കിയത് |
|---|---|---|
| ഒടുവങ്ങാട് കോളനി കുടിവെള്ള പദ്ധതി<br>പൂർത്തീകരണം (203/21)<br>കരാറുകാരൻ. ശ്രീ.രാജീവ്.ആർ<br>കരാർ 167/10.2.2020<br>അളവ് പുസ്തകം 50/20-21,<br>ബിൽ 133/20.11.2020 തുക 192319 | 170630 | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം.<br>KSEB ചെർപുളശ്ശേരി |

| | | |
|---|---|---|
| വലിയതൊടിഎസ്.സി കോളനി കുടിവെള്ള പദ്ധതി (52/21)<br>ബിൽ 107/26.9.2020 തുക 76326<br>കരാർ 106/22.12.2017<br>അളവ് പുസ്തകം 143/19-20<br>കോൺട്രാക്ടർ ശ്രീ രാജീവ്. ആർ | 16904 | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം.<br>KSEB പെരിന്തൽമണ്ണ |
| | 187534 | |

ഓഡിറ്റ് എൻക്വയറി 8/20-21/20.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക187534 തടസ്സം ചെയ്യുന്നു.

## 1-20 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ വിതരണം ചെയ്യാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പെരിന്തൽമണ്ണ സബ് ട്രഷറിയിൽ ഒരു അക്കൗണ്ട് പ്രവൃത്തിക്കുന്നുണ്ട്. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 7.55 ലക്ഷം രൂപയിലധികം ബാലൻസ് ഉണ്ട്. വിവിധ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് കണ്ടെത്തി അവ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമല്ലെങ്കിൽ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്. അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| സബ് ട്രഷറി പെരിന്തൽമണ്ണ | ലഭ്യമായിട്ടില്ല | 755124<br>(30.9.2020 നുള്ള ബാലൻസ് ലഭ്യമാക്കിയ പത്രിക പ്രകാരം) |

ഓഡിറ്റ് എൻക്വയറി നം. 9/2020-21 /20.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ഹാർഡ് റോക്ക് പൊളിച്ചെടുത്തത് - പുനരുപയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പറക്കുന്ന് മാടശ്ശേരി കോളനി റോഡ് കോൺക്രീറ്റ് (95/21) എന്ന പ്രവൃത്തിയുടെ ഇനം ഒന്ന് ആയി 75.37$m^3$ഹാർഡ് റോക്ക് പൊളിച്ചെടുക്കുകയും അതിൽ നിന്ന് ലഭിച്ച 74.80$m^3$ റബ്ൾ സ്റ്റാക്ക് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റാക്ക് ചെയ്ത മെറ്റീരിയൽ എന്ത് ചെയ്തു എന്ന വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത മെറ്റീരിയൽ മറ്റേതെങ്കിലും പ്രവൃത്തിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, അളവ് പുസ്തകം അനുബന്ധ രേഖകൾ എന്നിവ സഹിതം പരിശോധനക്ക് ലഭ്യമാക്കുകയോ അല്ലെങ്കിൽ അവ ലേലം ചെയ്ത് തുക പഞ്ചായത്തിലേക്ക് അടവാക്കിയ വിവരം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി |
|---|
| പറക്കുന്ന് മാടശ്ശേരി കോളനി റോഡ് കോൺക്രീറ്റ് (95/21)<br>ബിൽ 171/15.1.2021 തുക 49289<br>ചെക്ക് 2771440/30.3.2020 തുക 97014<br>ചെക്ക് 110762/30.3.2020 തുക 2986<br>കരാർ 90/21.11.2019<br>അളവ് പുസ്തകം 150/19-20<br>കോൺട്രാക്ടർ ശ്രീ.അബ്ദുൽ റഹീം. എം.പി<br>കോസ്റ്റ് ഇൻഡക്സ് 31.06% |

ഓഡിറ്റ് എൻക്വയറി 17/2020-21 /22.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 274പദ്ധതികൾ തയ്യാറാക്കിയതിൽ 242 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 47പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 9 പദ്ധതി തൻവർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 274 | ആകെ അടങ്കൽ | 42677848 |
| നടപ്പിലാക്കിയത് | 242 | ചെലവ് | 35153789 |
| ശതമാനം | 88.32% | ചെലവ് ശതമാനം | 82.37% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

V.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ

ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2. ഗ്രാമ പഞ്ചായത്തിൽ നിന്ന് തനത് ഫണ്ടിനത്തിൽ ലഭിക്കുന്ന തുകകളുടെ ചെക്ക് നമ്പർ, തീയ്യതി തുടങ്ങിയ വിശദാംശങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

4. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി,സമയം, ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ടെണ്ടർ നടപടികളിൽ സുതാര്യതയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ എല്ലാ പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഭൂരിഭാഗം പ്രവൃത്തികളിലും രണ്ടാൾ വീതമാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ അടുത്തതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം രേഖപ്പെടുത്തുകയോ വളരെ കുറഞ്ഞ ടെണ്ടർ കുറവ് രേഖപ്പെടുത്തുകയോ ചെയ്യുന്ന . കരാറുകളിൽ യാതൊരു വിധ മൽസരവും നടക്കുന്നില്ല എന്ന് വ്യക്തമാണ്. ഇത് ഗ്രാമ പഞ്ചായത്തിന്റെ ടെണ്ടർ നടപടികൾ സുതാര്യമല്ല എന്ന് വ്യക്തമാക്കുന്നു. 2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ പതിനഞ്ചോളം കരാറുകാർ വിവിധ പ്രവൃത്തികൾക്കായി കരാർ സമർപ്പിച്ചിട്ടുണ്ട്. എന്നിട്ടും മിക്ക പ്രവൃത്തികൾക്കും രണ്ട് പേർ മാത്രമാണ് ടെണ്ടർ സമർപ്പിക്കുന്നത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയിലാവാനുള്ള സാധ്യതയാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. മത്സര സ്വഭാവമില്ലാത്ത ഇത്തരം ടെണ്ടർ നടപടി മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാകുന്നു. ഇങ്ങനെയുള്ള അനാരോഗ്യകരമായ പ്രവണത ഒഴിവാക്കി മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. വികസന സ്ഥിരം സമിതിയുടെ സജീവ ഇടപെടൽ അനിവാര്യമായ മേഖലയാണിത് .

## 1-24 അംഗൻവാടിപോഷകാഹാരം -ന്യൂട്രിമിക്സ് വാങ്ങിയത് GST ഈടാക്കിയില്ല.

2020-21 എെ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യാഗസ്ഥയായി നടപ്പിലാക്കിയ .അംഗൻവാടിപോഷകാഹാരം (പ്രൊജക്ട് നം.308/21 ) പ്രൊജക്ടിൽ ഉൾപ്പെടുത്തി താഴെപ്പറയും പ്രകാരം സഞ്ജീവനി ന്യട്രിമിക്സിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയതിന് (ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ)നൽകിയിട്ടുണ്ട്.എന്നാൽ തുക നൽകിയപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% GST ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | ബിൽ നം./ചെക്ക് നം.തിയ്യതി | തുക |
|---|---|---|
| 1 | 20150352035800130421/6.5.20 | 219632 |
| 2 | 20150352035800130422/6.5.20 | 248899 |
| 3 | 20150352035800297556/25.6.20 | 259777 |
| 4 | 20150352035800342622/13.7.20 | 270137 |
| 5 | 20150352035800480652/24.8.20 | 271950 |
| 6 | 20150352035800919207/9.1.21 | 271950 |
| 7 | 20150352035800919211/9.1.21 | 267547 |
| 8 | 20150352035800919214/9.1.21 | 269619 |
| 9 | ചെക്ക് നം. 312114/8.2.21 | 291634 |
| 10 | 20150352035800927994/12.1.21 | 295519 |
| 11 | ചെക്ക് നം. 3243214/26.3.21 | 293706 |
| 12 | ചെക്ക് നം. 3243215/26.3.21 | 155400 |
| | ആകെ | 3115770 |

കേന്ദ്ര സർക്കാറിന്റെ 50/2018 തി. 13.9.2018 നോട്ടിഫിക്കേഷൻ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകളിൽ നിന്ന് 2 ശതമാനം നിരക്കിൽ TDS കുറവ് ചെയ്യേണ്ടതുണ്ട്. ഇത് ബില്ല് പിൻവലിക്കുന്ന ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർക്കുലർ നം ഡി.എ 1/87/2019 തി.8.9.20 പ്രകാരം എല്ലാ ഡി.ഡി.ഒ മാരും GST TDS( Tax Deductor)എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ എെ.സി.ഡി.എസ്

സൂപ്പർവൈസർ GST രജിസ്ട്രേഷൻ എടുക്കുകയോ TDS ഈടാക്കുകയോ ചെയ്യുന്നില്ല.സർക്കാർ നിർദ്ദേശം പാലിച്ച് GST രജിസ്ട്രേഷൻ എടുക്കുകയും 2.5 ലക്ഷത്തിന് മുകളിലുള്ളബില്ലുകളിൽ നിന്ന് 2 ശതമാനം നിരക്കിൽ TDS ഈടാക്കുകയും ചെയ്യേണ്ടതാണ്. TDS ഈടാക്കാത്ത് സംബന്ധിച്ച്ഓഡിറ്റ് എൻക്വയറി നം.12/21.1.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.)

## 1-25 എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ പദ്ധതി-അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

പ്രൊജക്ട് – എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ
നമ്പർ – S0275/2021
അടങ്കൽ – 8,01,000 (6,00,000 - എസ്.സി.പി 1,000 - തനത് 2,00,000 – ഗുണ.വിഹിതം)
ബിൽ നം. 16/17-03-2021 : 112,500

ബിൽ നം. 17/17-03-2021 : 67,500

ബിൽ നം. 18/22-03-2021 : 112,500

ബിൽ നം. 19/22-03-2021 : 67,500

ബിൽ നം. 21/26-03-2021 : 112,500

വൗച്ചർ നം. 22001160/30-03-2021 : 1,20,000

വൗച്ചർ നം. 22001177/30-03-2021 : 37,500

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം എസ്.സി. കുടുംബങ്ങൾക്ക് 210 പി.വി.സി. വാട്ടർ ടാങ്ക് നൽകിയതിൻെറ വിലയായി 6,30,000 രൂപ വിക്ടോറിയ പോളിഫോം, തൃശ്ശൂർ ന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്-

1. ഇ- ടെണ്ടർ ചെയ്ത മേൽ പ്രൊജക്ടിൽ വിക്ടോറിയ പോളിഫോം, തൃശ്ശൂർ രേഖപ്പെടുത്തിയ നിരക്ക് 2,587 രൂപയാണ്. എന്നാൽ 210 പി.വി.സി. വാട്ടർ ടാങ്കുകൾക്ക് 3,000 രൂപ നിരക്കിൽ ആകെ 6,30,000രൂപ നൽകിയിട്ടുണ്ട്.
ഇ-ടെണ്ടറിൻെറ BOQതയ്യാറാക്കിയപ്പോൾ ഉണ്ടായ അപാകത കാരണം ടാക്സ് ഉൾപ്പെടാത്ത തുക മാത്രമാണ് ബിഡ്ഡർക്ക് രേഖപ്പെടുത്താനായുള്ളൂ എന്നും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രസ്തുത സ്ഥാപനം ടാക്സ് ഉൾപ്പെടുന്ന തുക (3,154 രൂപ) അറ്റാച്ച്മെൻറ് ആയി ലഭ്യമാക്കിയത് പരിഗണിച്ച് 3,000 രൂപയിൽ പരിമിതപ്പെടുത്തി നൽകുകയാണ് ചെയ്തത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. ആയത് സംബന്ധിച്ച് ഭരണസമിതിയുടെ അഭിപ്രായം ലഭ്യമാക്കേണ്ടതാണ്.

2. കേന്ദ്ര സർക്കാറിന്റെ 50/2018 Dtd 13.09.2018 നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 പ്രാബല്യത്തിൽ ഒരു സാമ്പത്തിക വർഷം, ഒരു കരാറിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന മുഴവൻ പർച്ചേസുകളും കൂടി നികുതി കൂടാതെ 2,50,000 ലക്ഷത്തിന് മുകളിൽ വരുന്നുണ്ടെങ്കിൽ രണ്ട് ശതമാനം നിരക്കിൽ TDS കറവ് ചെയ്യേണ്ടതുണ്ട്. ഇത് ബിൽ ഡ്രോ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ബാധ്യതയാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ GST ഇനത്തിൽ 2% TDS കറവ് ചെയ്യാതെയാണ് തുകകൾ നൽകിയിട്ടുള്ളത്. ഈ അപാകത പരാമർശിച്ച് നൽകിയ 15/20-21/21-01-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, 500 ലിറ്റർ കപ്പാസിറ്റിയുള്ള 11 മുദ്രയുള്ള ഡബിൾ ലയർ Pvc വാട്ടർ ടാങ്ക് ഒന്നിന്റെ വിലയായി 3000 രൂപക്ക് സപ്ലൈ ചെയ്യാം എന്ന് മാത്രമാണ് എഗ്രിമെന്റ്. 2,50,000 മുകളിലുള്ള തുകക്ക് സപ്ലൈ ചെയ്യണം എന്ന് പറഞ്ഞിട്ടില്ല. ഒരു ഘട്ടത്തിലും 2,50,000 രൂപക്ക് മുകളിലുള്ള സപ്ലൈ നടത്തിയിട്ടുമില്ല. ഗുണഭോക്തൃവിഹിതം കൂടി ആവശ്യമുള്ള പദ്ധതിയായതിനാൽ എത്ര എണ്ണം ടാങ്കുകൾ വേണമെന്ന് മുൻകൂട്ടി ഉറപ്പ് പറയാനും പറ്റില്ല. ഗുണഭോക്തൃ വിഹിതം അടവാക്കുന്നവരുടെ എണ്ണത്തിനനുസരിച്ച് മാത്രമേ പർച്ചേസ് സാധ്യമാകുമായിരുന്നുള്ളൂ. ഇത്തരം കേസുകളിൽ 2ശതമാനം TDS പിടിക്കേണ്ടതില്ല എന്ന് ഇത് സംബന്ധിച്ച് 2018 മലപ്പുറം കലക്ടറേറ്റിൽ വെച്ച് നടന്ന ജി.എസ്.ടി. ട്രെയിനിംഗിൽ പ്രത്യേകം നിർദ്ദേശം ലഭിച്ചതുമാണ്. മേൽസാഹചര്യത്തിലാണ് 2 ശതമാനം GST പിടിക്കാതിരുന്നത്. കൃത്യമായ കണക്ക് കാണിക്കുമ്പോൾ (ഇ.ഫയലിംഗ്) സപ്ലയർക്ക് തന്നെ തിരിച്ച് നൽകാനുള്ള തുകയാണ് ഇപ്രകാരം പിടിക്കുന്ന 2 ശതമാനം GST എന്നതിനാൽ സർക്കാരിന് ഒരു തരത്തിലുള്ള നഷ്ടവും സംഭവിച്ചിട്ടില്ല. എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.
സർക്കാർ ഉത്തരവുകൾ വ്യക്തമായി മനസ്സിലാക്കാതെയുള്ള മറുപടി അംഗീകരിക്കുന്നില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 തെരുവ് വിളക്കുകളുടെ പരിപാലനം പദ്ധതി- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നം. 05/20-21/19-01-2022

പ്രൊജക്ട് - തെരുവ് വിളക്കുകളുടെ പരിപാലനം

നമ്പർ - S0022/2021

അടങ്കൽ - 9,32,320 (332320-ധനകാര്യ കമ്മീഷൻ അവാർഡ്,

6,00,000-തനത് ഫണ്ട്)

ബിൽ നം. 05/12-05-2020 : 1,33,840 ബിൽ നം. 06/12-05-2020 : 1,33,840

2020-21ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയറിനായുള്ള മേൽ പ്രൊജക്ട് പ്രകാരം ശ്രീ. സൈതലവി.എ, ആലുങ്ങൽ ഹൗസ്,അമ്മിനിക്കാട് എന്ന കോൺട്രാക്ടർക്ക് തുകകൾ നൽകിയിട്ടുണ്ട്. 40W ഫ്ലൂരസൻറ് ട്യൂബിന് 480 രൂപ, 11W CFL ന് 280 രൂപ, LED ബൾബിന് 280 രൂപ, LED സ്ട്രീറ്റ് ലൈറ്റിന് 900 രൂപ എന്നിങ്ങനേയാണ് അംഗീകരിച്ച ടെണ്ടർ നിരക്ക്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്-

1. പ്രവൃത്തി നടത്തുന്നതിന് KSEBയിൽ നിന്നും അനുവാദം ലഭ്യമാക്കിയിട്ടില്ല.

2. കരാറുകാരന് തുക അനുവദിച്ചപ്പോൾ TDS ആയി GST, KCWWF എന്നിവ കുറവ് ചെയ്തിട്ടില്ല.

3. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിൽ മുഴുവൻ വിളക്കുകളും റിപ്പയർ ചെയ്തു എന്നല്ലാതെ, എത്ര വിളക്കുകൾ റിപ്പയർ ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഇനം വിളക്കുകൾക്കും വ്യത്യസ്ത നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. റിപ്പയർ ചെയ്ത വിളക്കുകൾക്കനുസരിച്ച് തുക നൽകുന്നതിന് പകരം മുൻകൂട്ടി നിശ്ചയിച്ച തുകയുടെ (5,35,360) നാല് ഗഡുക്കൾ (4X1,33,840) 2019-20,20-21 വർഷങ്ങളിലായി നല്കുകയാണ് ചെയ്തത്. എസ്റ്റിമേറ്റ് പ്രകാരമുള്ള നാല് ഗഡുക്കളായി നൽകാവുന്ന വിധം കൃത്യമായ ഇടവേളകളിൽ തുല്യ എണ്ണം വിളക്കുകൾ തന്നെ റിപ്പയർ ചെയ്തു എന്നത് യുക്തിസഹമല്ല. ഇപ്രകാരം പ്രവൃത്തി നടത്തിയത് സംബന്ധിച്ച് KSEBയിൽ നിന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

4. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും ഗ്രാമ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 05/20-21/19-01-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 1,70,000 രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടിൻെറ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്-

| ബിൽ/വൗച്ചർ നമ്പർ/ തിയ്യതി | തുക | ചെലവ് വിവരം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 23/10-02-2021 | 1,70,000 | PMAY പ്രൊജക്ടിന് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ -എസ്.സി. (S0268/2021) | രശീതി, വിനിയോഗ സാക്ഷ്യപത്രം |

രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,70,000 രൂപ തടസ്സം ചെയ്യുന്നു.

## 1-28 പദ്ധതികളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കൽ-ചെലവ് തുക 96,900രൂപ നിരാകരിക്കുന്നു

പ്രൊജക്ട് : പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെൻേറഷൻ തയ്യാറാക്കൽ

നം : S0453/2021

അടങ്കൽ - 1,00,000 (തനത് ഫണ്ട്)

വൗച്ചർ നം.22000620/30-11-2020 : 95,446

ഗ്രാമപഞ്ചായത്തിൽ 2015-20 കാലഘട്ടത്തിൽ നടത്തിയ വികസന പരിപാടികൾ ഡോക്യുമെൻറ് ചെയ്യുന്നതിനായി സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 95,446 രൂപ ഇൻഡസ് ഇ-മാർക്കറ്റ്, കോഴിക്കോടിന് നൽകുകയും, ഐ.ടി.ഇനത്തിൽ 1,454 രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി നം. 10/20-01-2022 പ്രകാരവും, പിന്നീട് നേരിട്ട് പലതവണയും ആവശ്യപ്പെട്ടെങ്കിലും തയ്യാറാക്കിയതായി ഡോക്യുമെൻറ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 96,900രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-29 ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണം നടത്തിയ ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 3 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം പണം ഒടുക്കിയെങ്കിലും കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ/ചെക്ക് നം. | തുക | നിരക്ക് | എണ്ണം |
|---|---|---|---|---|
| 244/21 ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ | 20150352035501234900/12.3.21 | 1,17,207 | 39069 | 3 |

കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സിമന്റ് കോൺക്രീറ്റ് പൊളിച്ചെടുക്കൽ - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് (231/21) എന്ന പ്രവൃത്തിയുടെ അപ്പൻഡിക്സ് (2) ഇനം 1ആയി 45.04$m^2$ സിമന്റ് കോൺക്രീറ്റ് പൊളിച്ചെടുത്തതിന് 1361.27/$m^2$ പ്രകാരം 61612 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. 16.20*3.60+3.30/2= 55.89 $M^2$ എന്ന് അളവ് രേഖപ്പെടുത്തിയാണ് ആകെ തുക കണക്കാക്കിയിട്ടുള്ളത്. എന്നാൽ സിമന്റ് കോൺക്രീറ്റ് പൊളിക്കുന്നതിന് ഘനമീറ്ററിനാണ് ($M^3$) അളവ് കണക്കാക്കേണ്ടത്. ഇതിന് പൊളിച്ചെടുത്തതിന്റെ കനം കൂടി ഉൾപെടുത്തേണ്ടതുണ്ട്.

16.20*3.60+3.30*0.15=8.38 $M^3$ ആണ് കോൺക്രീറ്റ് പൊളിച്ചെടുത്തതിന്റെ യഥാർത്ഥ അളവ്.

2

ഈ ഇനത്തിൽ അധികം നൽകിയ 55892 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് (231/21)<br>കരാറുകാരൻ. ശ്രീ.അയ്യൂബ്. എം.പി<br>കരാർ 2/13.5.2020 | 8.38 $M^3$ | 61312<br>@1361.27/$m^2$<br>(45.04/$m^2$ പരിമിതപ്പെടുത്തി നല്കി) | 11407<br>ന് @ 1361.27/$m^3$ | 55894<br>(12% GST ഉൾപെടെ) |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം 29/20-21<br>ബിൽ 132/23.11.2020 തുക 153000<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |

ഓഡിറ്റ് എൻക്വയറി 12 /19-20/18.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ജി.എസ്.ടി തുക അധികം നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കരാറുകാർ മുഖേന നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതികളുടെ വൈദ്യുതീകരണ പ്രവ്യത്തികൾക്കായി 187534 രൂപ കരാറുകാരൻ KSEB യിൽ അടവാക്കിയിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾക്കായി KSEB ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരമാണ് തുക അടവാക്കിയിട്ടുള്ളത്. 18% ജി.എസ്.ടി കൂടി ഉൾപെട്ടതാണ് KSEB ലഭ്യമാക്കിയ ഇൻവോയ്സ്. എന്നാൽ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ മറ്റിനങ്ങൾക്കൊപ്പം KSEB യിൽ അടവാക്കിയ തുകയും ആകെ മൂല്യ നിർണ്ണയ തുകയോടൊപ്പം ചേർത്ത് പ്രസ്തുത തുകയുടെ 12% ജി.എസ്.ടി കൂടി കരാറുകാർക്ക് നൽകിയിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തി നിർവ്വഹിക്കുന്നത് KSEB ആണ്. പ്രസ്തുത പ്രവൃത്തിക്കുള്ള ജി.എസ്.ടി തുക KSEB ക്ക് നൽകിയിട്ടുമുണ്ട്. KSEB യിൽ അടച്ച തുകയിന്മേൽ കരാറുകാരന് ജി.എസ്.ടി നൽകേണ്ടതില്ല. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | KSEB യിൽ അടവാക്കിയ തുക (GST ഉൾപെടെ) | കരാറുകാരന് മൂല്യ നിർണ്ണയ തുകയോടൊപ്പം നൽകിയ ജി.എസ്.ടി തുക 12% |
|---|---|---|---|
| ഒട്ടവങ്ങാട് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം (203/21)<br>കരാറുകാരൻ. ശ്രീ.രാജീവ്.ആർ കരാർ 167/10.2.2020<br>അളവ് പുസ്തകം 50/20-21,<br>ബിൽ 133/20.11.2020 തുക 192319 | ലംസം പ്രൊവിഷൻ | 170630<br>ഇൻവോയ്സ് 06541C19-000005/19.2.2020 | 20476 |
| വലിയതൊടിഎസ്.സി കോളനി കുടിവെള്ള പദ്ധതി (52/21)<br>കരാറുകാരൻ ശ്രീ.രാജീവ്.ആർ കരാർ 106/22.12.2017<br>ബിൽ 107/26.9.2020 തുക 76326<br>അളവ് പുസ്തകം | ലംസം പ്രൊവിഷൻ | 16904<br>ഇൻവോയ്സ് 06562C19-000016/25.2.2020 | 2028 |

| | | | |
|---|---|---|---|
| 143/19-20 | | | |
| ആകെ | | 187534 | 22504 |

ഓഡിറ്റ് എൻക്വയറി 13/20-21/21.1.2022നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 അംഗൻവാടി നിർമ്മാണം - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സെന്റർ നമ്പർ 2 ളുത അംഗൻവാടി നിർമ്മാണം W15 (350/20) എന്ന പ്രവൃത്തിയുടെ ഇനം 14 ആയി റീ ഇൻഫോഴ്സ്മെന്റ് (സ്റ്റീൽ)ഉപയോഗിച്ചതിന്റെ യഥാർത്ഥ തൂക്കം 3886.94Kg ആണ്. എന്നാൽ അളവുകൾ കൂട്ടിയതിലെ അപാകത കാരണം ഇത് 3933.26Kg എന്നാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഇനത്തിൽ അധികം നൽകിയ 3599 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| സെന്റർ നമ്പർ 2 ളുത അംഗൻവാടി നിർമ്മാണം W15 (20/21)<br>കരാറുകാരൻ. ശ്രീ.മുഹമ്മദ് നൗഫൽ<br>കരാർ 134/2.3.2019<br>അളവ് പുസ്തകം 52/19-20,51 /19-20,140/19-20<br>ബിൽ 139/13.3.2020 തുക 491367<br>ബിൽ 1/17.4.2020 തുക 104200<br>ജില്ലാ പഞ്ചായത്ത് വിഹിതം 500000<br>കോസ്റ്റ് ഇൻഡക്സ് 37.25% | 3886.94Kg | 305536<br>@77.68/Kg<br>3933.26Kg) | 301937<br>@77.68/Kg<br>(3886.94Kg) | 3599 |

ഓഡിറ്റ് എൻക്വയറി 7/19-20/18.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 12.01.2022 മുതൽ 24.01.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് | 500000 | കട്ടിൽ വിതരണം (33/21) | 500000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | 258502 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (307/21) | 258502 | 0 |
| | 96238 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-എസ്.സി(38/21) | 96238 | 0 |
| | 300000 | കർഷകർക്ക് പാലിന് സബ്സിഡി(34/21) | 300000 | 0 |
| | 552500 | നെൽകൃഷി വികസനം (57/21) | 552500 | 0 |
| | 552500 | സമഗ്ര നെൽകൃഷി വികസനം(30/21) | 552500 | 0 |
| ജില്ലാ പഞ്ചായത്ത് | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (307/21) | 400000 | 0 |
| | 960000 | ലൈഫ് ഒന്നാം ഘട്ടം(5/21) | 960000 | 0 |
| | 500000 | കട്ടിൽ വിതരണം (33/21) | 500000 | 0 |
| | 552500 | നെൽകൃഷി വികസനം (57/21) | 552500 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC | G.O.MS. 772/2017/LSGD | 1470000 | 10803824 | 1215647 | - | 11058177 |
| സഹകരണ ബാങ്ക് വായ്പ | - | 0 | 434323 | 0 | 0 | 434323 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 83621/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയ ആളുടെ പേരും | ഈടാക്കിയ തുക | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ഉദ്യോഗ പ്പേരും | | |
| 2018-19 | 3-1 | ജസീല മോൾ, അസിസ്റ്റന്റ് എഞ്ചിനീയർ | 16901 | 120080101276/23.07.2020 |
| | | | 20759 | 120080101344/30.07.2020 |
| | | | 6319 | 120080101353/30.07.2020 |
| | | | 10544 | 120080101354/30.07.2020 |
| | | | 15675 | 120080101435/05.08.2020 |
| | | | 11995 | 120080101436/05.08.2020 |
| | | | 1428 | 120080101437/05.08.2020 |
| | | ആകെ | 83621 | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2000-2001 | 4-3 | 2004-05 | തുക മുൻകൂർ ക്രമീകരിച്ചില്ല. | നടപടികൾ തുടരുന്നു |
| 2014-15 | 2(2) | 2016-17 | അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(3) | 2016-17 | തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(4) | 2016-17 | അർദ്ധ വർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(5) | 2016-17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2008-09 | 2-1 | സി പി സതീശൻ, സെക്രട്ടറി | LF11856/Sp.cell/SCD1/12 24-9-14 | 7680 | അടവാക്കിയിട്ടില്ല. |
| 2 | 2006-07 | 3-15 | കെ വേലായുധൻ, സെക്രട്ടറി | LF251/sp.cell/SCD1/13 10-10-14 | 15972 | അടവാക്കിയിട്ടില്ല. |
| 3 | 2006-07 | 3-9 Part 3-17 | പി വി പത്മനാഭൻ സെക്രട്ടറി | LF/10405/sp.cell/SCD1/12 26-9-14 | 186749 | അടവാക്കിയിട്ടില്ല. |
| 4 | 2008-09 | 3-1(എ) | സി പി സതീശൻ,സെക്രട്ടറി | LF11656/sp.cell/SCD1/12 24-10-14 | 63600 | അടവാക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 5 | 2000-01 | 43 | പി വിനോദ്കുമാർ, സെക്രട്ടറി | LF17404/sp.cell/SC 5/05 18-9-18 | 7904 | അടവാക്കിയിട്ടില്ല. |
| 6 | 2009-10 | 3-1<br>3-3<br>3-8 | വിക്രമൻ നമ്പൂതിരി സെക്രട്ടറി | LF16131/sp.cell/SC/D1/13 14-7-15 | 103025 | അടവാക്കിയിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 130857665 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111668438 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 81997 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,00,885 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 55894 | 1.ശ്രീമതി. ജസീലമോൾ,<br>അസിസ്റ്റന്റ് എഞ്ചിനീയർ-27946 രൂപ<br>2. ശ്രീ. ഉമ്മർ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-27946 രൂപ |
| 3-2 | | 22504 | 1.ശ്രീമതി. ജസീലമോൾ,<br>അസിസ്റ്റന്റ് എഞ്ചിനീയർ-11252 രൂപ<br>2.ശ്രീ. ഉമ്മർ കെ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-11252 രൂപ |
| 3-4 | | 3599 | 1.ശ്രീമതി. ജസീലമോൾ,<br>അസിസ്റ്റന്റ് എഞ്ചിനീയർ-1800 രൂപ<br>2.ശ്രീ. ഉമ്മർ കെ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-1799 രൂപ |
| | | 81997 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 629244 | ശ്രീമതി. സ്വപ്ന ടി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-19 | 187534 | ശ്രീമതി. ജസീലമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 1,70,000 | ശ്രീ. ഹരികുമാർ എസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-28 | 96,900 | ശ്രീ. ഹരികുമാർ എസ്, സെക്രട്ടറി |
| 1-29 | 1,17,207 | ഡോ. മുഹമ്മദാലി.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 12,00,885 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജസീലമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | ചേറമ്പാടത്ത്, ഭീമനാട് പി.ഒ, അലനല്ലൂർ, പാലക്കാട് |
| ശ്രീ. ഉമ്മർ കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിന്തൽമണ്ണ ബ്ലോക്ക് | കാരയിൽ വീട്, നെല്ലിക്കാപറമ്പ്, മുക്കം, കോഴിക്കോട് പിൻ-673602 |
| ശ്രീ. ഹരികുമാർ എസ് | സെക്രട്ടറി, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | ടിസി 1/154 , പാണയിൽ വീട്, മെഡിക്കൽ കോളേജ്, ഉറുവിക്കൽ, തിരുവനന്തപുരം,695031 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | KSA.MPM 24/1982/18 Dtd 04.10.2019 | 7 |
| 2002-03 | KSA.MPM 24/1982/18 Dtd 04.10.2019 | 6 |
| 2003-04 | KSA.MPM 24/1982/18 Dtd 04.10.2019 | 7 |
| 2004-05 | LFM-10/1381/07 Dtd 04.2.11 | 23 |
| 2005-06 | LFM-11/1516/11 Dtd 21.03.12 | 8 |
| 2006-07 | LFM-10/1517/11 Dtd 21.3.12 | 16 |

| | | |
|---|---|---|
| 2007-08 | LFM-10/1518/11 Dtd 21.03.12 | 15 |
| 2008-09 | LFM-10/1590/11 Dtd 21.03.12 | 14 |
| 2009-11 | LFM-11/363/13 Dtd 26.03.13 | 30 |
| 2011-13 | LFM-11/385/15 Dtd 21.04.15 | 32 |
| 2013-15 | KSA.MPM24/1402/16 Dtd 23.06.17 | 28 |
| 2015-16 | KSA.MPM24/253/17 Dtd 14.02.18 | 20 |
| 2016-17 | KSA.MPM24/2180/17 Dtd 24.07.18 | 24 |
| 2017-18 | KSA.MPM24/2977/18 Dtd 07.08.19 | 26 |
| 2018-19 | KSA.MPM24/25/20 Dtd 07.08.19 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്